# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.308 — 21-06-2018-ലെ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

,, ടി.എ. അഹമ്മദ് കബീർ

,, മഞ്ഞളാംകുഴി അലി

,, എൻ.എ.നെല്ലിക്കുന്ന്

ഡോ.ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

**റവന്യൂ വരുമാന വളർച്ചാനിരക്ക് കുറഞ്ഞതായ സി.ആന്റ്.എ.ജി. റിപ്പോർട്ട്**

| | | |
|---|---|---|
| (എ) | സി. ആന്റ് ഏ.ജി. റിപ്പോർട്ട് പ്രകാരം സംസ്ഥാന റവന്യൂ വരുമാനത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 31.03.2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം മുൻ വർഷത്തെ (2015-16) അപേക്ഷിച്ച് 9.53% വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം ടി വളർച്ചാ നിരക്ക് മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്ക് കുറയുവാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; | 2006-2011 കാലയളവിൽ ശരാശരി 17.20% വളർച്ച കൈവരിച്ച സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 2011-2016 ആയപ്പോഴേക്കും ശരാശരി വളർച്ച 12.40% ലേക്ക് കുത്തനെ ഇടിയുകയാണുണ്ടായത്. 2006-2011 കാലയളവിൽ വാണിജ്യ നികുതി പിരിവിന്റെ വളർച്ചാനിരക്ക് പല ഘട്ടങ്ങളിലും സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചാനിരക്കിനേക്കാൾ അധികരിച്ച നിലയിൽ ഉയർന്നിരുന്നു. എന്നാൽ 2011-2016 കാലയളവിലെ അവസാന മൂന്നു വർഷങ്ങളിൽ ഇത് സംസ്ഥാന സാമ്പത്തിക വളർച്ചയെക്കാൾ പിന്നിലേക്കു പോകുകയാണുണ്ടായത്. തത്ഫലമായി 2006-2011 ൽ 66.8% ആയിരുന്ന റവന്യൂ വരുമാനത്തിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാന വിഹിതമെന്നത് 2011-16 ൽ 64% ആയി ഇടിഞ്ഞു. അഴിമതിയുടെയും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുടെയും സ്വജനപക്ഷപാതത്തിന്റെയും ഫലമായി സംജാതമായ മേൽ വീഴ്ചയിൽ നിന്നും സംസ്ഥനത്തെ മുക്തമാക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. കൂടാതെ വികലമായ മദ്യ |

| | | |
|---|---|---|
| | | നയം എക്സൈസ് നികുതിയിൽ നിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള ധനസഹായം (കേന്ദ്ര നികുതി വിഹിതം കഴിച്ച്) നിർദ്ദിഷ്ട സി. ആന്റ്. എ.ജി റിപ്പോർട്ട് പ്രകാരം 2013-14 ൽ 37% വും 2014-15 ൽ 81% വും 2015-16 ൽ 19% വും വർദ്ധിച്ചപ്പോൾ 2016-17 ൽ 5% ന്റെ കുറവ് വന്നു. ഇതും റവന്യൂ വരുമാനത്തിലെ വളർച്ചാ നിരക്കിനെ പിന്നോട്ടടിക്കുന്നതിന് ഹേതുവായിട്ടുണ്ട്. 2016 നവംബർ മാസത്തിൽ യാതൊരു അവധാനതയും ഇല്ലാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനത്തിന്റെ ഫലമായി രാജ്യത്താകമാനം ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ തനത് റവന്യൂ വിഭവ ശേഷിയ്ക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. സർക്കാർ നികുതി ഭരണത്തിൽ കൈക്കൊണ്ടുവന്ന പുനരുജ്ജീവനപ്രക്രിയയുടെ ഫലം അതുകൊണ്ട് തന്നെ അപ്രസക്തമാക്കപ്പെട്ടു. |
| (സി) | നികുതി വരുമാനം കുറയുന്നത് പരിശോധിക്കാൻ സി. ആന്റ് എ.ജി. ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണെന്ന് അറിയിക്കുമോ? | സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ച കുറഞ്ഞുവരുന്ന പ്രവണത പരിശോധിക്കുന്നതിനും ഇത് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിനോട് സി. ആന്റ്. എ.ജി ശുപാർശ ചെയ്തിട്ടുണ്ട്. ചരക്ക് സേവനനികുതി നടപ്പിലാക്കിയതോടുകൂടി നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്കുള്ള പങ്ക് ഗണ്യമായ തോതിൽ പരിമിതപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പരിമിതിക്കുള്ളിൽനിന്നും പരമാവധി വിഭവ സമാഹരണത്തിനുള്ള ആത്മാർഥവും പ്രായോഗികവുമായ നിതാന്ത പരിശ്രമമാണ് സർക്കാർ നടത്തിവരുന്നത്. |

അക്കൗണ്ട്സ് ഓഫീസർ